

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA PHONE: 8234

വാല്യം 6 | 1989 ജനുവരി 6-13 | ലക്കം 1




മാർ ബസേലിയോസ് ഗീവറുഗീസ്

ദ്വിതീയൻ ബാവാ

## യേശുക്രിസ്തു ക്രിസ്തീയ ഐക്യത്തിനടിസ്ഥാനം: പ. തിയോക്ടിസ്റ്റ് ബാവാ

സ്റ്റാഫ് എഡിറ്റർ

കോട്ടയം: യേശുക്രിസ്തുവാണ് ക്രിസ്തീയ ഐക്യത്തിന്റെ അടിസ്ഥാനമെന്നും, ആ സത്യപ്രകാശമാണ് ലോകത്തെമ്പാടുമുള്ള ക്രൈസ്തവരെ ഐക്യത്തിലേക്ക് നയിക്കുന്നതെന്നും റുമേനിയൻ പാത്രിയർക്കീസ് പ: തിയോക്ടിസ്റ്റ് ബാവാ തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചു.

കോട്ടയം എം. ഡി. സെമിനാരി ഗ്രൗണ്ടിൽ പ: ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ചരമ രജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

യേശുക്രിസ്തുവാകുന്ന പ്രകാശത്തെ മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ കൊണ്ടുവന്നുവെങ്കിൽ, ക്രിസ്തുശിഷ്യനായ മാർ അന്ത്രയോസ് ശ്ലീഹായാണ് ആ പ്രകാശം റുമേനിയയിൽ എത്തിച്ചത്.

റുമേനിയായിലെ ദേശീയ സഭയായ റുമേനിയൻ ഓർത്തഡോക്സ് സഭയും ഭാരതത്തിലെ ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ കൂടുതൽ അടുത്തുകൊണ്ടിരിക്കുകയാണെന്നും പ: പാത്രിയർക്കീസ് ബാവാ കൂട്ടിച്ചേർത്തു.

പ്രസംഗത്തിനിടയിൽ അദ്ദേഹം പ: കാതോലിക്കാ ബാവാ തിരുമനസ്സിന് ഒട്ടേറെ ഉപഹാരങ്ങൾ കൈമാറി. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമനസ്സിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ അച്ചടിച്ച പ്രസംഗം ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വായിച്ചു.

'കാലം ചെയ്ത പ: ഗീവറുഗീസ് ദ്വിതീയൻ ബാവാ സത്യത്തിനും സഭയുടെ കെട്ടുറപ്പിനും, സ്വാതന്ത്ര്യത്തിനും വേണ്ടി പൊരുതി വിജയിച്ച ഒരു മഹൽ വ്യക്തിയാണ്. അതിനായി അദ്ദേഹം ഒട്ടേറെ കഷ്ടപ്പാടുകളും, വേദനകളും സഹിക്കേണ്ടി വന്നു പ: ബാവാ തിരുമേനി തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു. അർമ്മീനിയൻ ദുരിതാശ്വാസനിധിയിലേക്കുള്ള സഭയുടെ സംഭാവനയുടെ ആദ്യഗഡുവായ ഒരു ലക്ഷം രൂപയുടെ ചെക്ക് അദ്ദേഹം ജില്ലാ കലക്ടറെ ഏൽപ്പിച്ചു.

ഗവർണ്ണറുടെ സന്ദേശം ജില്ലാകലക്ടർ അൽഫോൻസ് കണ്ണന്താനം വായിച്ചു.

പ: ഗീവറുഗീസ് ദ്വിതീയൻ ബാവാ ക്രൈസ്തവസഭയ്ക്കു മാത്രമല്ല മാനവ രാശിക്കു തന്നെ അഭിമാനമാണെന്ന് ഗവർണ്ണർ പ്രസ്താവിച്ചു. 'അദ്ദേഹത്തിന്റെ ജീവിതം തന്റെ സഹജീവികൾക്കായി ഉഴിഞ്ഞുവെച്ചിരുന്നതാണ്'' അവർ കൂട്ടിച്ചേർത്തു.

ക്രിസ്തുവിന്റെ കാലംമുതൽ തന്നെ ഭാരതത്തിൽ ക്രൈസ്തവപാരമ്പര്യം ആരംഭിക്കുകയും ആ കാലഘട്ടം മുതൽ ഭാരതീയചരിത്രത്തിലും ജനജീവിതത്തിലും ക്രിസ്തീയസഭയുടെ സംസ്കാരം കണ്ടെത്താവുന്നതാണെന്ന് അവർ ചൂണ്ടിക്കാട്ടി.

ഭാരതത്തിൽ ദേശീയതയിലൂന്നിയ ഒരു നവവ്യവസ്ഥിതിക്ക് നേതൃത്വം നൽകുവാൻ ക്രൈസ്തവസഭയെ ഗവർണ്ണർ ആഹ്വാനം ചെയ്തു.

അർമ്മീനിയൻ പാത്രിയർക്കീസ് ബാവാ പ: വസ്ഗൻ തിരുമേനിയുടെ പ്രതിനിധിയായി എത്തിയ ബിഷപ്പ് ആഖാൻ ബലിയോസിയാൻ അർമീനിയയിലെ ഭൂകമ്പത്തിന്റെ കെടുതികളെക്കുറിച്ചു സംസാരിച്ചു.

അർമ്മീനിയൻ സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഗാഢമായ ബന്ധത്തെ അദ്ദേഹം അനുസ്മരിച്ചു. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ സ്മരണയ്ക്കുമുമ്പിൽ അർമ്മീനിയൻ സഭയുടെ ആദരാഞ്ജലികൾ അദ്ദേഹം അർപ്പിച്ചു.

കേന്ദ്രമന്ത്രിമാരായ എം. എം. ജേക്കബ്, എസ്സ്. കൃഷ്ണകുമാർ, അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, ബിഷപ്പ് എം. സി. മാണി, ബിഷപ്പ് പീറ്റർ തുരുത്തിക്കോണം, എൻ. എസ്സ്. എസ്സ്. ജനറൽ സെക്രട്ടറി പി. കെ. നാരായണപ്പണിക്കർ, എം. പിമാരായ സുരേഷ് കുറുപ്പ്, തോമസ് കുതിരവട്ടം എന്നിവരും പ: ഗീവറുഗീസ് ദ്വിതീയൻ ബാവായെക്കുറിച്ചുള്ള സ്മരണകൾ പുതുക്കി.

വിദേശ സഭാനേതാക്കൻമാരെ സദസ്സിന് പരിചയപ്പെടുത്തിക്കൊണ്ട് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സ്വാഗതവും, മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു കൃതജ്ഞതയും പറഞ്ഞു.

സമ്മേളനത്തിന് കൊഴുപ്പുകൂട്ടിക്കൊണ്ട് പാമ്പാടി കെ. ജി. കോളേജിന്റെയും ബസ്സേലിയോസ് കോളേജ് എന്നിവയുടെ ഗായക സംഘങ്ങൾ സംഗീതമാലപിച്ചു. നേവൽ സ്കൗട്ട്, സമ്മേളനത്തിന്റെ തുടക്കത്തിലും അവസാനത്തിലും ദേശീയഗാനം ആലപിച്ചു.

## പള്ളിക്കൂദാശ ചെയ്തു

തിരുവനന്തപുരം: കുമാരപുരം സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ കൂദാശയും പ: മാർത്തോമാ ശ്ലീഹായുടെ ഓർമ്മപ്പെരുനാളും ഡിസം. 18, 19 തീയതികളിൽ നടത്തി. ചടങ്ങുകൾക്ക് പ: ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാതിരുമനസ്സുകൊണ്ടു പ്രധാന കാർമ്മികത്വം വഹിച്ചു. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ്; ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്; ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്തൻമാർ സഹകാർമ്മികരായിരുന്നു.

കൂദാശാനന്തരം പ: ബാവാ തിരുമനസുകൊണ്ട് ഇടവക ഡയറക്ടറി പ്രകാശനം ചെയ്തു. നേർച്ചവിളമ്പും ഉണ്ടായിരുന്നു.

## ഉപവാസ ധ്യാനയോഗം

ചെങ്ങന്നൂർ: ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും മൂന്നാം ശനിയാഴ്ച രാവിലെ 9 മണിമുതൽ 3 വരെ ഉപവാസധ്യാനയോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകുന്ന ഉപവാസ ധ്യാനയോഗങ്ങളിൽ പോൾ സിനിരാജ് മുഹമ്മദ്, ഭദ്രാസനത്തിലെ വൈദികർ എന്നിവരും സംബന്ധിക്കുന്നതാണ്.

ജനുവരി 21 ആറാട്ടുപുഴ സെൻറ് മേരീസ് ഫെബ്രുവരി 18 പെരിശ്ശേരി സെൻറ് മേരീസ്, മാർച്ച് 18 മാന്തുക സെൻറ് തോമസ് എന്നീ പള്ളികളിൽ ധ്യാനയോഗങ്ങൾ ഉണ്ടായിരിക്കും. തുടർന്നുള്ള മാസങ്ങളിലെ യോഗങ്ങൾ പിന്നീടറിയിക്കുന്നതാണ്.

## നഗരത്തെ കീഴടക്കിയ ചരമജൂബിലിറാലി

സ്റ്റാഫ് എഡിറ്റർ

കോട്ടയം: ഭക്തിയുടെയും സഭാസ്നേഹത്തിന്റെയും കത്തിജ്വലിക്കുന്ന ആവേശവുമായി സഭയുടെ വിവിധ കേന്ദ്രങ്ങളിൽനിന്നും ഭക്തജനലക്ഷങ്ങൾ കോട്ടയത്തു് എത്തി. നെഹ്രു സ്റ്റേഡിയത്തിൽനിന്നും അണിമുറിയാതെ ഒഴുകി നീങ്ങിയ ഭക്തിസാന്ദ്രമായ റാലി നഗരത്തെ ഒരു ജനമഹാസമുദ്രമാക്കി മാററി. 35 വർഷക്കാലം മർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളി സഭയെ സുധീരം നയിച്ച തങ്ങളുടെ ആത്മീയ പിതാവ് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ അപദാനങ്ങൾ പ്രകീർത്തിക്കുന്ന ഗാനത്തിന്റെ ശീലുകൾ ഭദ്രാസന ബാനറുകൾക്കു പി

(ശേഷം 6-ാം പേജിൽ)

നോവൽ

# പുതിയ പുലരികൾ തേടി

—അന്തിനാട്ട് ജോസ്

## അദ്ധ്യായം ഇരുപത്തിരണ്ട്

നഗരം ഇനിയും പൂർണ്ണമായും ഉണർന്നിട്ടില്ല. പുലരിമഞ്ഞിൽ അമൃതമായ നഗരം. കോടമഞ്ഞിൽ കുളിരു കൊള്ളുന്ന സൗധങ്ങൾ. അകലെ കായലിൽ ഓളങ്ങളെ മുറിച്ചു നീങ്ങുന്ന കൊതുമ്പുതോണികൾ ഇരുളിന്റെ അവ്യക്തയിലൂടെ ഒരു വിധം വ്യക്തമായി കാണാൻ കഴിയുന്നു.

കറിയാച്ചൻ നഗരത്തിലെ മുന്തിയ ഹോട്ടലുകളിലൊന്നിൽ താമസം ആരംഭിച്ചിരിക്കുകയാണ്. നാട്ടിൻപുറത്തെ സ്വത്തുക്കളെല്ലാം വിററപ്പോൾ ലക്ഷക്കണക്കിനു രൂപാ അയാൾക്കു ലഭിച്ചു. പ്രസ്തുത തുക ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. അതിന്റെ പലിശ കൊണ്ടുതന്നെ സുഖമായി ജീവിക്കാം.

അയാൾക്കു രാത്രി തെല്ലും ഉറങ്ങാൻ കഴിഞ്ഞില്ല. എതോ ഒരു വലിയ നഷ്ടബോധത്തിന്റെ നൊമ്പരം മനസ്സിലിരുന്നു വിങ്ങുന്നു. തന്റേതായ എല്ലാം ഇന്നു തനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. ഭാര്യയും മക്കളും എന്നെന്നേയ്ക്കുമായി തന്നോട് വിടപറഞ്ഞിരിക്കുന്നു. ഇന്നിതാ താൻ തികച്ചും അനാഥനായി മാറിയിരിക്കുന്നു തനിക്കു സ്വന്തമെന്നു പറയാൻ ഈ ഭൂമിയിൽ ഒന്നും അവശേഷിച്ചിട്ടില്ല. ഏതാനും തുണ്ടു കറൻസിനോട്ടുകളല്ലാതെ.

ജെയ്സണെക്കുറിച്ചോർക്കുമ്പോഴും വറീതു ചേട്ടനെക്കുറിച്ചും ഓർക്കുമ്പോഴൊക്കെ ആത്മാവിൽ ഒരു ചിത എരിയുന്നു. പാവം വറീതു ചേട്ടൻ.

അയാളും തന്നെ വെടിഞ്ഞ് എവിടേയ്ക്കോ യാത്രയായിരിക്കുന്നു. എത്ര കാലം അയാൾ തന്റെ സന്തതസഹചാരിയായിരുന്നു.

എല്ലാം തന്റെ ദുർവിധി തന്നെ.

ജാലകത്തിലൂടെ കറിയാച്ചൻ പിന്നെയും വിദൂരതയിലേക്കു നോക്കിനിന്നു തണുത്ത കടൽക്കാററിന്റെ അലകൾ പുൽകിയിട്ടും തനിക്ക് തെല്ലും ആശ്വാസമില്ലല്ലോ എന്നയാൾ നിരാശയോടെ ഓർത്തു.

തലേന്നു രാത്രിയിൽ അയാൾ നന്നായി മദ്യപിച്ചിരുന്നു. അതിന്റെ ലഹരി തലച്ചോറിൽനിന്നും വിട്ടുമാറിയിട്ടില്ല. സിരകളിൽ അജ്ഞാതമായ ഒരു തരിപ്പായി ഒഴുകി നടക്കുന്നു.

ഹോട്ടലിൽനിന്നു നോക്കിയാൽ നഗരത്തിന്റെ മുക്കാൽ ഭാഗവും കാണാൻ കഴിയുന്നു. തിരയടങ്ങാത്ത കടലും ഓളങ്ങൾ നിലയ്ക്കാത്ത കായലും കാണാം. എന്തൊരു പ്രകൃതി സൗന്ദര്യമാണത്.

ആനന്ദമുള്ളവരുടെ ആത്മാവിനെയെല്ലാം മത്തുപിടിപ്പിക്കുന്ന കാഴ്ച.

പക്ഷേ അതൊന്നും കറിയാച്ചനു് ഹരമായി തോന്നുന്നില്ല. അയാളുടെ ആത്മാവ് ഓരോ നിമിഷവും നീറിപ്പുകയുകയായിരുന്നു. ഹൃദയത്തിൽ ഒരു തീഗോളം സദാ എരിയുന്ന നൊമ്പരം.

കറിയാച്ചന് ഏററവും അസഹ്യമായി തോന്നിയത് അവിടത്തെ ഏകാന്തതയാണ്. നിറഞ്ഞുനിൽക്കുന്ന വിജനത. പേടിപ്പെടുത്തുന്ന ഏകാന്തത.

രാത്രിയുടെ കറുത്ത യാമങ്ങളിൽ അയാൾ പേക്കിനാവുകൾ കണ്ട് ഞെട്ടിയുണരുന്നു. വിയർത്തൊലിക്കുന്നു.

എണീററു ലൈററിട്ട് അയാൾ ചുററും നോക്കുന്നു. ഒരു മനുഷ്യജീവിയുടെ സാമീപ്യത്തിനായി അയാൾ കൊതിച്ചു. തന്നെ ഒന്നു വിളിക്കാൻ തന്നെ ഒന്നു ആശ്വസിപ്പിക്കാൻ, ഇനി ഒന്നും ഓർത്തിട്ടു കാര്യമില്ല.

ദിനങ്ങൾ ഒന്നൊന്നായി കടന്നുപോയി വെയിലും മഴയും മാറി മാറി നഗരത്തെ ആശ്ലേഷിച്ചു.

കറിയാച്ചൻ ഇതിനിടെ ഒരു രോഗിയായി മാറിയിരുന്നു. ശ്വാസതടസ്സം കൂടെ കൂടെ അയാളെ അലട്ടാൻ തുടങ്ങി. ഒപ്പം നെഞ്ചിനു വേദനയും.

നഗരത്തിലെതന്നെ പ്രശസ്തമായ ഒരു ഹോസ്പിററലിൽ ചികിത്സയാരംഭിച്ചു. അതിനു തന്നെ ഒരാഴ്ചകൊണ്ട് നല്ലൊരു തുക ചിലവായി. അപ്പോൾ രോഗത്തിനു് മറെറാരു വ്യതിയാനംകൂടി വന്നുഭവിച്ചു.

കുറെശ്ശെ ചുമയുംകൂടി ആരംഭിച്ചു. അന്നു പരിശോധിച്ച ശേഷം ഡോക്ടർ പറഞ്ഞു.

'കുറെ ദിവസം ആശുപത്രിയിൽ കിടക്കേണ്ടിവരും. കൂടെ ആരെയെങ്കിലും നിറുത്തണം. അതിനു സന്നദ്ധമല്ലെങ്കിൽ തൽക്കാലം ആശുപത്രിയിൽ കിടക്കേണ്ട. കുറെ മരുന്നുകൾ കുറിച്ചുതരാം അതൊക്കെ കൃത്യമായി ഒന്നു കഴിച്ചു നോക്കു്.'

അതുംകൂടി കേട്ടതോടെ അയാളിൽ അവശേഷിച്ചിരുന്ന സർവ്വശക്തിയും ചോർന്നു പോയി.

തനിക്കിതാ അവസാനമായി രോഗവും പിടിപെട്ടിരിക്കുന്നു. തന്നെ ശുശ്രൂഷിക്കാൻ മററാരെങ്കിലും വേണമത്രെ. ആ വാക്കുകൾ ഒരു ഇടിത്തീപോലെയാണ് കറിയാച്ചന്റെ കാതുകളിൽ പതിച്ചത്. തലച്ചോറിൽ ഒരു മഞ്ഞുകട്ട മുറിഞ്ഞുവീണ പ്രതീതി. ദിഗന്തങ്ങളിൽത്തട്ടി ആ സ്വരം ഒരു അലർച്ചയായി തന്റെ കാതുകളെ പിളർക്കുന്നതുപോലെ.

കുറെ നേരത്തേക്ക് ശരീരമാകെ വൈദ്യുതാഘാതമേററതുപോലെ തോന്നി. ഞരമ്പുകളിൽ ഉഷ്ണജലപ്രവാഹം ഇരമ്പുന്നതുപോലെ.

ഇരുന്ന ഇരുപ്പിൽനിന്നും ചലിക്കാൻപോലും കഴിയുന്നില്ല.

അയാളുടെ ഓർമ്മകൾ ഒരു വേഴാമ്പലിനെപ്പോലെ ഉഴറി നടന്നു. എത്ര ശ്രമിച്ചിട്ടും മനസ്സിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല. തന്നെ ശുശ്രൂഷിക്കുവാൻ ഈ ലോകത്തിൽ ആരെങ്കിലുമുണ്ടോ? വാസ്തവത്തിൽ താനീ ലോകത്തിൽ ഒരനാഥനായി മാറിയിരിക്കുന്നു. നിർഭാഗ്യവാനായ ഒരു മനുഷ്യനായി താൻ മാറുന്നു. തികച്ചും ഒരു അനാഥന്റെ അവസ്ഥ തന്നെ ഓരോ നിമിഷവും വേട്ടയാടിക്കൊണ്ടിരിക്കുന്നു.

ആരോരുമില്ലാത്തവൻ. ഏതാനും ദിവസങ്ങളായി ചുമ കൂടുതലുണ്ട്. അത് ഓരോ ദിവസവും കൂടി കൂടി വരുകയാണ്. ഓരോ ചുമയ്ക്കും നെഞ്ചിൻകൂട് പൊട്ടാൻ തുടങ്ങുന്നു. ശരീരമാകെ തളരുന്നു. പെട്ടെന്ന് എവിടെയെങ്കിലും കിടക്കാൻ തോന്നുന്നു. ശരീരമാകെ സൂചി കുത്തുന്ന നൊമ്പരം.

പല വിലയേറിയ മരുന്നുകളും കറിയാച്ചൻ കഴിക്കുന്നുണ്ട്. പിന്നെ ഒരു രണ്ടുതരം ഗുളികകളുണ്ട്. എന്നിട്ടും ചുമയ്ക്കോ നെഞ്ചിനു വേദനയ്ക്കോ യാതൊരു കുറവുമില്ല.

ശരീരത്തിലെ നൊമ്പരം ഒരു പരിധിവരെ കറിയാച്ചനു പ്രശ്നമല്ല. പക്ഷേ മനസ്സിന്റെ നൊമ്പരങ്ങളാണ് ഏററവും വലുത്. ഓരോ നിമിഷവും മനസ്സാകെ വെന്തുനീറുന്ന പ്രതീതി. ഒന്നിനും ഒരു സ്വസ്ഥതയില്ല. ഊണിലും ഉറക്കത്തിലുമെല്ലാം അയാൾ അസ്വസ്ഥനാണ്.

'സ്വന്തം മനസ്സാക്ഷിയുടെ കുറുകൽ സദാ ഹൃദയത്തിൽ മുഴങ്ങുന്നു. ഒരു വല്ലാത്ത കുററബോധത്തിന്റെ തിരവെച്ചുകൾ സദാ തന്റെ ആത്മാവിൽ പ്രകമ്പനം കൊള്ളുന്നതായി കറിയാച്ചനു തോന്നുന്നു.

ദിവസവും കറിയാച്ചൻ ആശുപത്രിയിൽ പോകും. മരുന്നും ഇഞ്ചക്ഷനുമെല്ലാം മുറപോലെ നടക്കുന്നു, എങ്കിലും രാത്രിയായാൽ വല്ലാത്ത ചുമയാണ്. പൊട്ടക്കിണററിൽ കല്ലു വീഴുന്ന മാതിരി. തൊട്ടടുത്തുള്ള താമസക്കാർക്കും അതൊരു ബുദ്ധിമുട്ടായി.

ഒരു ദിവസം രാവിലെ റൂംബോയി വന്ന് കറിയാച്ചനോട് പറഞ്ഞു.

'സാറിനെ മൊതലാളിക്ക് അത്യാവശ്യമായി ഒന്നു കാണണമെന്ന്''.

കറിയാച്ചൻ വീണ്ടും അസ്വസ്ഥനായി. എന്തിനായിരിക്കും ഹോട്ടൽ മുതലാളി തന്നെ വിളിക്കുന്നത്?

(തുടരും)

കവിത

## ഏദനിൽ ആദം

ആദമായിരുന്നു ഞാ നാത്മനാഥനെത്തേടും-
ആദമായിരുന്നു ഞാ-നിത്തിരിപ്പാപം ചെയ്തേൻ

ലംഘനം, വിനാശത്തിൻ വിത്തുകൾ മുളപ്പിക്കേ-
പാപിയെ പുറത്താക്കീ-യേദനിൽ ദൈവം വന്നു! !

നഗ്നനെന്നറിഞ്ഞേ, നെൻ പട്ടടത്തീയും കണ്ടേൻ
അഗ്നിവാഹനത്തിന്മേൽ ദേവരൂപവും കണ്ടേൻ.

ലംഘനം സമ്മാനിച്ച ഭാരവും ചുമ്മി, സ്വപ്-
നങ്ങൾ, പൂക്കും ദേവനന്ദനം വിട്ടോടിനേൻ.

യൗവനം കുഴിച്ചിട്ടേൻ, പൊന്നെടുക്കുവാൻ, മണ്ണിൽ
വിത്തുകൾ മുളപ്പിച്ചേൻ മുൾച്ചെടിക്കൂട്ടം പൂത്തേൻ!!

ശാപമേററു വാങ്ങിയോരീ മണ്ണിൻമടിത്തട്ടിൽ—
ഹവ്വ-അമ്മയായതും നോക്കിനിന്നു ഞാൻ കണ്ടേൻ!

ആദിസർപ്പത്തിൻ മുലപ്പാലിനാൽ വളർന്നോരെൻ-
പുത്രന്മാരങ്കം വെട്ടിച്ചത്തിടുന്നതും കണ്ടേൻ.

തൃപ്തിയായ്, സർവ്വം കത്തിപ്പടരും മനസ്സുമായി
ദൃഷ്ടികൾ തുറപ്പിച്ചേനുന്നതങ്ങളെ കണ്ടേൻ-

എന്നെ ഞാൻ കണ്ടേൻ വീണ്ടുമെന്റെ ദൈവത്തെ കണ്ടേൻ
എന്റെ പാപത്തെ കണ്ടേൻ, ഭഗ്നമാം ബന്ധം കണ്ടേൻ

ചിന്തയിൽ തീനാമ്പുകൾ പൊട്ടിവീണതും കണ്ടേൻ
ചന്ദനക്കുളിർക്കാററായെന്റെ ദൈവത്തെ കണ്ടേൻ

വെള്ളനാട് ഡെന്നിസൻ

